**കേരള സർക്കാർ**

സംഗ്രഹം

ധനകാര്യ വകുപ്പ്- എൻ.പി.എസ് ഫണ്ട് ട്രഷറികളിൽ നിന്നും നേരിട്ട് ആക്സിസ് ബാങ്കിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതിനായി ട്രഷറി ഡയറക്ടറുടെ പേരിൽ റിസർവ് ബാങ്കിൽ ഒരു അക്കൗണ്ട് ആരംഭിക്കുന്നതിനായി അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (സ്ട്രീംലൈനിംഗ്) വകുപ്പ്**

**സ.ഉ. (സാധാ) നം.9078/2018/ധന.** തിരുവനന്തപുരം, തീയതി **02/11/2018**

പരാമർശം:- 15/10/2018 തീയതിയിലെ ട്രഷറി ഡയറക്ടറുടെ എൻ.പി.എസ്. 12077/2017 നമ്പരായുള്ള കത്ത്.

**ഉത്തരവ്**

ദേശീയ പെൻഷൻ പദ്ധതിയുടെ ഭാഗമായുള്ള ഫണ്ട് ആക്സിസ് ബാങ്കിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതിന് ട്രഷറികളുടെ ഏജൻസി ബാങ്കുകളായി നിലവിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, കാനറാ ബാങ്ക് എന്നിവയാണ് പ്രവർത്തിച്ചു വരുന്നതെന്നും ടി ബാങ്കുകളുടെ പല ബ്രാഞ്ചുകളും സമയബന്ധിതമായി ആക്സിസ് ബാങ്കിലേയ്ക്ക് ഫണ്ട് ട്രാൻസ്ഫർ ചെയ്യുന്നില്ലെന്ന് ട്രഷറികളിൽ നിന്നും പരാതി ലഭിക്കുന്നുണ്ടെന്നും കൂടാതെ, പല ബ്രാഞ്ചുകളും NEFT/RTGS ചെയ്യുന്നതിന് സർവ്വീസ് ചാർജ്ജ് ഈടാക്കുന്ന സാഹചര്യവുമുണ്ടെന്ന് ട്രഷറി ഡയറക്ടർ അറിയിക്കുന്നു. ഇത്തരം ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിനും സമയബന്ധിതമായി എൻ.പി.എസ്. ഫണ്ട് ട്രഷറികളിൽ നിന്ന് നേരിട്ട് ആക്സിസ് ബാങ്കിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതിനുമായി ഒരു അക്കൗണ്ട് റിസർവ്വ് ബാങ്കിൽ തുറക്കുന്നതിനുള്ള അനുമതി നൽകണമെന്നും പരാമർശ കത്ത് പ്രകാരം അപേക്ഷിച്ചിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, എൻ.പി.എസ് ഫണ്ട് സമയബന്ധിതമായി ട്രഷറികളിൽ നിന്നും നേരിട്ട് ആക്സിസ് ബാങ്കിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതിനായി ട്രഷറി ഡയറക്ടറുടെ പേരിൽ റിസർവ് ബാങ്കിൽ ഒരു അക്കൗണ്ട് ആരംഭിക്കുന്നതിനായി അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**സുരേഷ് കുമാർ ഒ.ബി.**

അണ്ടർ സെക്രട്ടറി (ധനകാര്യം)

പകർപ്പ്—

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ.&ഇ/ജി.&എസ്.എസ്.എ) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ഇ.&ആർ.എസ്.എ) കേരള, തിരുവനന്തപുരം.

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.

റീജിയണൽ മാനേജർ, റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ, ബേക്കറി ജംഗ്ഷൻ, തിരുവനന്തപുരം.

ധന(എൻ.പി.എസ്.എ.)വകുപ്പ്

നോഡൽ ഓഫീസർ, www.finance.kerala.gov.in

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ